"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. 321/ഡിഡി2/2021/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം.
തീയതി: 19-10-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-MGNREGA ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചത്-അവാർഡുകളിൽ അപ്പീൽ അവസരത്തെ സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:- സ.ഉ.(സാധാ)നം.2151/2022/ത.സ്വ.ഭ. തീയതി 01.09.2022

************************

സൂചന ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓംബുഡ്സ്പേഴ്സൺമാർ പുറപ്പെടുവിക്കുന്ന അവാർഡ് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾക്ക് പരാതിയുള്ള പക്ഷം. അത്തരം അവാർഡ് പുറപ്പെടുവിക്കപ്പെട്ട് 15 ദിവസത്തിനുള്ളിൽ, ടി അവാർഡിന്റെയും ശിപാർശകളുടെയും പകർപ്പ് സഹിതം അപ്പീൽ അതോറിറ്റിക്ക് രേഖാമൂലമുള്ള അപ്പീൽ സമർപ്പിക്കണമെന്നും അപ്പീൽ അധികാരി അപ്പീൽ സ്വീകരിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ അപ്പീലിന് തീർപ്പ് കൽപ്പിക്കണമെന്നും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓംബുഡ്സ്പേഴ്സൺമാരെ സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി സംവിധാനത്തെ സംബന്ധിച്ച് ഓംബുഡ്സ്പേഴ്സൺ അവാർഡിൽ ഉൾപ്പെടുന്ന കക്ഷികൾക്ക് അവബോധം ഉണ്ടാകുന്നതിനായി, എല്ലാ ഓംബുഡ്സ്പേഴ്സൺ അവാർഡുകളിലും അപ്പീൽ അവസരത്തെ സംബന്ധിച്ചും, അതിന്റെ സമയ പരിധി സംബന്ധിച്ചും. അപ്പീൽ അധികാരിയെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 20-10-2022 10:40:46

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ